**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2436** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഇ-പോസ് യന്ത്രത്തിലെ തകരാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റേഷൻ കടകളിലെ ഇ-പോസ് യന്ത്രത്തിലെ തകരാറുകൾ പൂർണമായി പരിഹരിച്ചുവോയെന്നും ഇതു സംബന്ധിച്ച് എന്ത് റിപ്പോർട്ടാണ് നാഷണൽ ഇൻഫോർമാറ്റിക് സെന്റർ സർക്കാരിന് കൈമാറിയതെന്നും റിപ്പോർട്ടിലെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | റേഷൻ വിതരണം പൂർണ്ണമായും തടസ്സപ്പെടുന്ന രീതിയിലുള്ള യാതൊരു സാങ്കേതിക പ്രശ്നങ്ങളും നിലവിൽ ഇല്ല. റേഷൻ വിതരണത്തിൽ ഭാഗികമായി ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം ഏപ്രിൽ 1 മുതൽ 30 വരെയുള്ള കാലയളവിൽ എല്ലാ ഇ-പോസ് മെഷീനുകളുടെയും സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് റേഷൻ കടകളിലെ ഇ-പോസ് യന്ത്രത്തിലെ തകരാറുകൾ പരിഹരിച്ചത് സംബന്ധിച്ച് നാഷണൽ ഇൻഫോർമാറ്റിക് സെന്റർ സർക്കാരിന് റിപ്പോർട്ട് കൈമാറിയിട്ടില്ല. എന്നാൽ 10.03.2023-ൽ ബഹു.ഭക്ഷ്യവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ നാഷണൽ ഇൻഫോർമാറ്റിക് സെന്ററുമായി ചേർന്ന യോഗതീരുമാന പ്രകാരം താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>• നിലവിൽ റേഷൻ വിതരണത്തിൽ ഉപയോഗിച്ചിരുന്ന BSNL ബാൻഡ് വിഡ്ത്ത് 20 എം.ബി. പെർ സെക്കന്റ് എന്നത് 50 എം.ബി. പെർ സെക്കന്റിലേക്ക് ഉയർത്തിയിട്ടുണ്ട്.<br>• ആധാർ ആതന്റിക്കേഷൻ സർവ്വറിൽ (AUA) ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി NIC യുടെ AUA സർവ്വറുകൾ കൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് NIC യ്ക്കും UIDAI യ്ക്കും കത്ത് നൽകിയിട്ടുണ്ട്.<br>• NIC യുടെ AUA സർവ്വറുകൾ കൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി NIC യുമായും UIDAI യുമായും ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇ-പോസ് സംവിധാനത്തിനായി മറ്റൊരു സർവർ സംസ്ഥാനത്ത് തയ്യാറാക്കുന്നുണ്ടോയെന്നും നിലവിൽ ഇ-പോസിലെ സോഫ്റ്റ്‌വെയർ ഏത് വേർഷനിലേക്കാണ് അപ്‌ഡേറ്റ് ചെയ്തതെന്നും രാജ്യത്താകെ ഇതേ വേർഷനാണോ ഉപയോഗിക്കുന്നതെന്നും വിശദമാക്കാമോ; | (ബി) | ആധാർ ഓതന്റിക്കേഷന് വേണ്ടി NIC യുടെ AUA സെർവ്വറുകൾ കൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി NIC യുമായും UIDAI യുമായും ബന്ധപ്പെട്ട് കൊണ്ട് തുടർ നടപടികൾ സ്വീകരിച്ച് വരികയാണ്.<br><br>നിലവിൽ ഇ-പോസ് മെഷീനിൽ കേരള PDS റേഷൻ വിതരണത്തിനായി 2.4 സോഫ്റ്റ് വെയർ വേർഷനും IMPDS വിതരണത്തിനായി 2.1 വേർഷനും അപ്‌ഡേറ്റ് ചെയ്തിട്ടുണ്ട്. രാജ്യത്താകെ ഇതേ വേർഷനാണോ ഉപയോഗിക്കുന്നത് എന്നതു സംബന്ധിച്ച വിവരം ലഭ്യമല്ല. |
| (സി) | ഈ വർഷം ജനുവരി മുതൽ ഓഗസ്റ്റ് വരെ ഉള്ള മാസങ്ങളിൽ എത്ര തവണ ഇ-പോസ് യന്ത്രം തകരാറിലായിയെന്ന് അറിയിക്കാമോ; | (സി) | ഇ-പോസ് യന്ത്രത്തിൽ വിതരണത്തിന് സഹായിക്കുന്ന RD സർവറിൽ ഉണ്ടായ സാങ്കേതിക തകരാർ കാരണം ഈ കാലയളവിൽ ഒരു ദിവസം കുറച്ച് സമയത്തേയ്ക്ക് റേഷൻ വിതരണത്തിൽ തടസം നേരിട്ടിരുന്നു. ആയത് ഉടൻ തന്നെ പരിഹരിച്ച് റേഷൻ വിതരണം പുന:സ്ഥാപിച്ചിരുന്നു. |
| (ഡി) | ഇ-പോസ് യന്ത്രത്തിൽ തകരാറുകൾ ഉണ്ടായാൽ ജനങ്ങൾക്ക് വിളിച്ച് അറിയിക്കാൻ ഹെൽപ്‌ലൈൻ സംവിധാനം ഉണ്ടോയെന്നും ഇ-പോസ് യന്ത്രത്തിലെ തകരാർ മൂലം കാർഡ് ഉടമകൾക്ക് ഒ.ടി.പി വഴി റേഷൻ നൽകുന്നത് വർധിച്ചിട്ടുണ്ടോയെന്നും ഇത് അല്ലാതെ മാനുവൽ സംവിധാനം വഴിയും റേഷൻ വിതരണം നടത്തുന്നുണ്ടോയെന്നും വിശദാംശങ്ങൾ നൽകാമോ? | (ഡി) | ഇ-പോസ് യന്ത്രത്തിലെ തകരാറുകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് 2 ഹെൽപ് ഡസ്ക് നമ്പറുകൾ നിലവിൽ ഉണ്ട് (7561050035, 7561050036). റേഷൻ വിതരണത്തിൽ ഭാഗികമായി ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ 1976, 1800 425 1550 എന്നീ ഹെൽപ് ഡസ്ക് നമ്പറുകളിലും അറിയിക്കുന്നതിനുള്ള സൗകര്യമുണ്ട്.<br><br>ആധാർ ഓതന്റിക്കേഷനുമായി ബന്ധപ്പെട്ട് സാങ്കേതിക തകരാറുകൾ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ OTP സംവിധാനം ഉപയോഗിച്ച് റേഷൻ വിതരണം നടത്താറുണ്ട്. ഈ സമയങ്ങളിൽ റേഷൻ കാർഡുമായി ബന്ധിപ്പിച്ചിട്ടുള്ള മൊബൈൽ നമ്പർ ഉപയോഗിച്ചുള്ള OTP മുഖാന്തരമുള്ള വിതരണത്തിൽ വർദ്ധനവ് ഉണ്ടാകാറുണ്ട്. ഇ-പോസ് നിലവിലുള്ള റേഷൻ കടകളിൽ ഇ-പോസ് മുഖേനയല്ലാതുള്ള മാനുവൽ റേഷൻ വിതരണം നിലവിൽ അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ